**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 225** **04-10-2021 - ൽ മറുപടിയ്ക്ക്**

**പീഡിയാട്രിക് വെന്റിലേറ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മൂന്നാം തരംഗത്തെ പ്രതീക്ഷിക്കുന്ന സാഹചര്യത്തിൽ കുട്ടികളുടെ ചികിത്സയ്ക്ക് ആവശ്യമായ പീഡിയാട്രിക് വെന്റിലേറ്ററുകളുടെ വില ഉയർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പീഡിയാട്രിക് വെന്റിലേറ്റർ വിതരണം ചെയ്യുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിതരണ കമ്പനിയുമായി രണ്ട് വർഷത്തേയ്ക്ക് കരാർ ഉറപ്പിച്ചിട്ടുണ്ട്. ആയതിനാൽ വിലയിൽ ഉണ്ടായ വർദ്ധനവ് സർക്കാർ സ്ഥാപനങ്ങളെ ബാധിക്കില്ല. |
| (ബി) | പീഡിയാട്രിക് വെന്റിലേറ്ററുകളുടെ വില നിയന്ത്രിക്കുന്നതിനും ആവശ്യത്തിന് എണ്ണം സർക്കാർ ആശുപത്രികളിൽ ക്രമീകരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ബി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ റേറ്റ് കോൺട്രാക്ട് വ്യവസ്ഥ പ്രകാരം തെരഞ്ഞെടുത്ത കമ്പനിയ്ക്ക് 98 പീഡിയാട്രിക് വെന്റിലേറ്ററുകൾ വിതരണം ചെയ്യുന്നതിന് ഉത്തരവ് നൽകുകയും അവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ പീഡിയാട്രിക് വെന്റിലേറ്ററിന്റെ ലഭ്യത ഉറപ്പ വരുത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെ ജെം പോർട്ടൽ മുഖേന ദർഘാസ് നടപടി പൂർത്തിയാക്കി വിതരണ കമ്പനിയെ കോർപ്പറേഷൻ കണ്ടെത്തുകയും ഈ കമ്പനിയ്ക്ക് 92 വെന്റിലേറ്ററുകൾ വിതരണം ചെയ്യുന്നതിന് ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലെ ആശുപത്രികളിൽ ആകെ 122 പീഡിയാട്രിക് വെന്റിലേറ്ററുകൾ ഉണ്ട്. ഇതിൽ 79 എണ്ണം Invasive ആണ്. പീഡിയാട്രിക് കോവിഡ് കേസുകൾ കൂടുന്ന സാഹചര്യമുണ്ടായാൽ എല്ലാ മെഡിക്കൽ കോളേജിലും ആവശ്യാനുസരണം പീഡിയാട്രിക് വെന്റിലേറ്ററുകൾ വർദ്ധിപ്പിക്കുന്നതിനുള്ള Paediatric Surge Action Plan തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ